**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5079** **14-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിൽ എൻ.സി.സി., സ്കൗട്ട്സ് യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലം സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അച്ചടക്കമുള്ള ഒരു ജനതയെ വാർത്തെടുക്കുവാൻ എല്ലാ പൊതുവിദ്യാലയങ്ങളിലും എൻ.സി.സി., സ്കൗട്ട്സ്, കല, കായിക, വായനശാല യൂണിറ്റുകൾ നിർബന്ധമായും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2021-22ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ഗൈഡ് വിഭാഗത്തിൽ 3053 യൂണിറ്റുകളും, സ്കൗട്ട് വിഭാഗത്തിൽ 2264 യൂണിറ്റുകളും ഉൾപ്പെടെ ആകെ 5317 സ്കൗട്ട് ഗൈഡ് യൂണിറ്റുകളാണുള്ളത്. ഹൈസ്കൂൾ വരെയുള്ള എല്ലാ സ്കൂളുകളിലും സ്കൗട്ട് ഗൈഡ് യൂണിറ്റുകൾ തുടങ്ങുന്നതിന് ഇപ്പോൾ തടസ്സങ്ങളൊന്നുമില്ല. ഹെഡ്മാസ്റ്റർമാർക്ക് അദ്ധ്യാപകരെ പരിശീലനത്തിനയച്ച് യൂണിറ്റ് തുടങ്ങാവുന്നതാണ്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിലവിൽ 680 എൻ.സി.സി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ പൊതുവിദ്യാലയങ്ങളിലും NCC യൂണിറ്റ് ആരംഭിക്കാനാകുമോ എന്നത് വിശദമായി പരിശോധിക്കേണ്ടതുണ്ട്. ഇത് കൂടാതെ കല, കായികവിനോദങ്ങൾ, കലാകായിക മത്സരങ്ങൾ എന്നിവയും സ്കൂൾ തലം മുതൽ സംസ്ഥാനതലം വരെ നല്ലരീതിയിൽ മത്സരയിനങ്ങളായി സംഘടിപ്പിക്കപ്പെടുന്നുണ്ട്. ധാരാളം കുട്ടികൾ പങ്കെടുക്കുന്ന തരത്തിൽ തന്നെ ജില്ലാ, സംസ്ഥാന യുവജനോത്സവങ്ങളും സംഘടിപ്പിക്കപ്പെടുന്നുണ്ട്. കൂടാതെ ഒട്ടു മിക്ക സ്കൂളുകളിലും, ലൈബ്രറികളും വായനാ സംവിധാനങ്ങളും നിലവിലുണ്ട്. ഇവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>ലഹരിയുമായി ബന്ധപ്പെട്ടാണെങ്കിൽ സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കണ്ടെത്തുന്നതിനും അവ ഇല്ലായ്മ ചെയ്യുന്നതിനും വേണ്ട പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ഗവൺമെന്റിന്റെ ലഹരി വിരുദ്ധ പ്രവർത്തനം വിദ്യാലയങ്ങളിൽ വ്യാപിപ്പിച്ചുകൊണ്ട് |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനും ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിന് കുടുക്കുന്നതിനായി പ്രവർത്തിക്കുന്ന റാക്കറ്റുകളെ തകർക്കുന്നതിനായി പോലീസും എക്സൈസും പൊതുവിദ്യാഭ്യാസ വകുപ്പും ഒത്തു ചേർന്ന് പ്രവർത്തനം നടത്തുന്നു. സ്കൂളുകളിൽ ജനജാഗ്രതാ സമിതി രൂപീകരിച്ചുകൊണ്ടും പ്രവർത്തനം നടത്തുന്നുണ്ട്. |
| (ബി) | പാഠ്യേതര വിഷയങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകി സാമൂഹിക സേവനം നിർബന്ധമാക്കുന്ന തരത്തിൽ ആവശ്യമായ തിരുത്തലുകൾ കരിക്കുലത്തിൽ വരുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിലെ പാഠ്യപദ്ധതിയുടെ ഭാഗമായിട്ടുള്ള പാഠപുസ്തകങ്ങളിൽ കുട്ടികളിൽ സാമൂഹിക സേവന മനോഭാവം രൂപപ്പെടുന്നതിന് സഹായകരമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കുട്ടികൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ചും വിദ്യാലയങ്ങളിൽ നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. സാമൂഹ്യസേവനം നിർബന്ധമാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ